**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3359** **04-08-2021 - ൽ മറുപടിയ്ക്ക്**

**പാവറട്ടി ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | രണ്ട് ഘട്ടങ്ങളിലായി 91,20,000 രൂപയും, 1,00,00,000 രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ബസ് സ്റ്റാന്റ് ഗ്രൗണ്ട് ഫ്ലോർ നിർമ്മാണവും, രണ്ടാം ഘട്ടത്തിൽ ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ കംപ്ലീറ്റ് സ്ട്രക്ച്ചറൽ വർക്ക്, ഫിനിഷിംഗ്, പ്ലംബിംഗ്, സാനിറ്ററി വർക്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിരിക്കുന്നു. |
| (സി) | നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ഒന്നാം ഘട്ടത്തിന്റെ 98% പ്രവൃത്തി പൂർത്തീകരിച്ചു. റാമ്പ് നിർമ്മാണം വൈറ്റ് വാഷിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. രണ്ടാം ഘട്ടത്തിൽ ലിന്റൽ, സൺഷെയ്ഡ് ഒഴികെയുള്ള എല്ലാ കോൺക്രീറ്റ് പ്രവൃത്തികളും പുറംഭിത്തി നിർമ്മാണവും പൂർത്തീകരിച്ചു. വുഡ് വർക്ക്, ഗ്രിൽ വർക്ക്, ഹാൻഡ് റെയിൽ, അലൂമിനിയം ഫാബ്രിക്കേഷൻ വർക് ഫോർ വിൻഡോസ്, വേന്റിലേറ്റേഴ്സ്, ടൈൽ വർക്ക്, പ്ലാസ്റ്ററിംഗ് & പെയിന്റിംഗ്, സാനിറ്ററി വർക്, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്, ട്രസ്റ്റ് വർക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (ഡി) | നിലവിൽ അഞ്ച് ലക്ഷം രൂപയിലേറെ സ്വകാര്യ വ്യക്തിക്ക് വാടക നൽകി പ്രവർത്തിക്കുന്ന പാവറട്ടി പഞ്ചായത്ത് ഓഫീസ്, മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | 09/07/2021 ൽ ബഹു.എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രണ്ട് ഘട്ട പ്രവൃത്തികളും എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ഇ) | ഒന്നാം ഘട്ടം 2021 ആഗസ്റ്റ് 15 നും രണ്ടാം ഘട്ടം 2021 ഒക്ടോബർ 15നും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |

സെക്ഷൻ ഓഫീസർ